# കണക്കിലെ തട്ടിപ്പുകളുമായി ഓൺലൈൻ ചൂതാട്ടം

സുനിൽ. സി.എൻ.

കളിക്കുകയാണ് ഇന്ത്യ, കളിക്കുകയാണ്. പത്തുരൂപ കോടികളായി മാറുന്ന 'അത്ഭുതം' കാണാൻ 'ഒരു കൈ നോക്കുന്നുണ്ടോ?' എന്ന വെല്ലുവിളി ഏറ്റെടുത്തു കൊണ്ട് ആയിരങ്ങൾ സൂപ്പർ ലോട്ടോ കഫേകൾക്കു മുന്നിൽ ഇപ്പോൾ ക്യൂ നിൽക്കുന്നു. എന്നാൽ ഈ കമ്പ്യൂട്ടറൈസ്ഡ് ചൂതാട്ടം ഒരു കാണാക്കെണിയാണെന്നത് അതിനിടയിൽ ശ്രദ്ധിക്കപ്പെടാതെ പോകുകയാണ്.

'പ്ലേ വിൻ - എസ്സെൽ' ഗ്രൂപ്പിന്റെ കമ്പ്യൂട്ടർ ലോട്ടറിയാണ് പണം വാരാനുള്ള കുറുക്കുവഴിയുമായി രംഗത്തെത്തിയിട്ടുള്ളത്, സിക്കിം സർക്കാരിന്റെ അംഗീകാരമുള്ള ഈ കളിക്ക് പത്തുരൂപയാണ് മുടക്കേണ്ടത്. ലഭിക്കുന്ന പ്ലേസ്ലിപ്പിൽ ആറുസീരീസുകളിലായി രേഖപ്പെടുത്തിയിട്ടുള്ള 1 മുതൽ 49 വരെയുള്ള നമ്പറുകളിൽ നിന്നും ഇഷ്ടമുള്ള ആറു നമ്പറുകൾ തെരഞ്ഞെടുത്ത് കമ്പ്യൂട്ടറിനെ ഏല്പിക്കുകയേ വേണ്ടൂ. നറുക്കെടുപ്പിൽ ആ നമ്പറുകൾ തന്നെ തെളിഞ്ഞാൽ രണ്ടു കോടി രൂപയുടെ ജാക്ക്പോട്ട് നേടാം. മൂന്നു നമ്പറുകൾ തുല്യമായാൽ 50 രൂപ, നാലു നമ്പറുകൾ തുല്യമായാൽ 500 രൂപ അഞ്ചുനമ്പറുകൾ തുല്യമായാൽ 5000 രൂപ എന്നിങ്ങനെയുമുണ്ട് സമ്മാനങ്ങൾ.

പുതിയ നൂറ്റാണ്ടിന്റെ ഏറ്റവും വിശ്വസനീയമായ ഭാഗ്യപരീക്ഷണമാണ് തങ്ങളുടെ ഓൺലൈൻ ലോട്ടറി എന്നാണ് പ്ലേ വിൻ ഇൻഫ്രാവെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സീനിയർ വൈസ് പ്രസിഡണ്ട് ഖുൽദീർ അഹ്ഗജ അഭിപ്രായപ്പെടുന്നത്. 4500 കോടി രൂപ വിറ്റുവരവുള്ള എസ്സെൽ ഗ്രൂപ്പിന്റെ സബ്സിഡിയറിയാണ് പ്ലേവിൻ. സിക്കിം ഗവൺമെന്റിനു വേണ്ടി രാജ്യത്താകമാനം 2000 ടെർമിനലുകളിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത്. കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ബി-സാറ്റ് ലിങ്ക് ഉപയോഗിക്കുന്നു. സിക്കിം സർക്കാരിന്റെ മേൽനോട്ടത്തിൽ പൊതുജനമധ്യത്തിലാണ് നറുക്കെടുപ്പ്. നറുക്കെടുപ്പ് പ്രമുഖ ടി.വി. ചാനലുകളിലൂടെ തൽസമയം സംപ്രേഷണം ചെയ്യുന്നുമുണ്ട്. അമേരിക്കയിലെ ഇന്റർനാഷണൽ ലോട്ടറി ടോട്ടാലിറ്റീസ് സിസ്റ്റംസിന്റെ സാങ്കേതിക മികവിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത് - അഹ്ഗജ അവകാശപ്പെടുന്നു.

എന്നാൽ ഓൺലൈൻ ലോട്ടറിയെ വിലയിരുത്താൻ ഈ വിശദീകരണങ്ങൾ പോര എന്നതാണ് യാഥാർത്ഥ്യം. സാധാരണ ലോട്ടറിയിൽ നിന്നും വ്യത്യസ്തമായ ഒരു തലം കൂടിയുണ്ട് ഇതിന് എന്നതാണ് കാരണം. ഇതിൽ ഇടപെടുന്നതിന് അല്പം ഗണിത പരിജ്ഞാനം കൂടി ആവശ്യമുണ്ട്.

പെട്ടെന്ന് തിരിച്ചറിയാത്ത കണക്കിലെ കളിയാണ് ഈ ലോട്ടറിയുടെ പ്രവർത്തനങ്ങൾക്ക് ആധാരം. ഗണിതശാസ്ത്രത്തിലെ പെർ




മ്യൂട്ടേഷൻ ആൻഡ് കോമ്പിനേഷൻ പ്രകാരം ഇതിലെ 1 മുതൽ 49 വരെയുള്ള നമ്പറുകൾ ഉപയോഗിച്ച് ആറു നമ്പർ വീതമുള്ള 1,39,83,816 സെറ്റ് നമ്പറുകൾ തെരഞ്ഞെടുക്കാം. പരിമിതമായ അക്കങ്ങൾ തിരിച്ചും മറിച്ചും ഉപയോഗിച്ച് അനേക എണ്ണം സംഖ്യകൾ സൃഷ്ടിക്കുന്ന ഗണിതസൂത്രമാണ് പെർമ്യൂട്ടേഷൻ ആൻഡ് കോമ്പിനേഷൻ. അതുകൊണ്ടു തന്നെ മൂന്നു സീരീസുകളിലായി ക്രമീകരിച്ചിരിക്കുന്ന ആറക്കമുള്ള സാധാരണ ലോട്ടറിയെ നോക്കികാണുന്ന ലാഘവത്തോടെ ഓൺലൈൻ ലോട്ടറിയെ വിലയിരുത്താനാവില്ല. ഒന്നരക്കോടിയോളം വരുന്ന നമ്പറുകളിൽ നിന്നാണ് ഇതിൽ ഭാഗ്യനമ്പർ തെരഞ്ഞെടുക്കപ്പെടുന്നത്. അതിനാൽ വിജയസാധ്യത തുലോം കുറവുമായിരിക്കും. എന്നാൽ 6 അക്കങ്ങളെ കുറിച്ച് മാത്രം ചിന്തിക്കുന്ന സാധാരണക്കാർ ഈ വസ്തുത തിരിച്ചറിയാതെ പോകുന്നു.

കമ്പ്യൂട്ടറൈസ്ഡ് നറുക്കെടുപ്പ് എന്നതിലും തട്ടിപ്പുള്ളതായി സംശയിക്കേണ്ടതുണ്ട്. ആകെ ഒന്നരക്കോടിയോളം സെറ്റ് നമ്പർ സൃഷ്ടിച്ചെടുക്കാമെന്നിരിക്കെ, ഉപഭോക്താക്കൾ സ്വന്തമാക്കാത്ത നമ്പറുകൾക്ക് സമ്മാനം പ്രഖ്യാപിക്കാൻ കാര്യമായ ബുദ്ധിമുട്ടൊന്നുമില്ല. പൊതുജനമധ്യത്തിൽ നറുക്കെടുപ്പ് നടത്തിയാൽ പോലും ഇത് സാധ്യമാക്കാവുന്നതേയുള്ളൂ എന്നതിനാൽ ടെലിവിഷനിൽ തത്സമയസംപ്രേഷണം നടത്തുന്നു എന്നത് എങ്ങനെ വിശ്വാസ്യതയ്ക്ക് തെളിവായി പരിഗണിക്കുമെന്ന് പലരും സംശയിക്കുന്നു.

നമ്പർ സ്വയം തെരഞ്ഞെടുക്കാമെന്നതിനാൽ സാധാരണ ലോട്ടറിയെ അപേക്ഷിച്ച് ഓൺ ലൈൻ ലോട്ടറിയിൽ പങ്കെടുക്കാൻ പ്രചോദനം കൂടുതലായുണ്ടെന്ന് പല ഉപഭോക്താക്കളും പറയുന്നുണ്ട്. ഒരു തവണ കിട്ടാതെ പോകുമ്പോൾ കൂടുതൽ തവണ ഭാഗ്യം പരീക്ഷിക്കാൻ ആവേശം തോന്നുന്നതായി അവർ സൂചിപ്പിക്കുന്നു. പത്തുരൂപ മുതൽമുടക്കുള്ള ഭാഗ്യപരീക്ഷണം എന്നതിലുമപ്പുറം ഗണിതത്തിലെ സൂത്രമായി ഇതിനെ കണ്ടിരുന്നില്ല എന്ന് അവർ തന്നെ സമ്മതിക്കുന്നു. സാധാരണ ലോട്ടറിയേക്കാൾ വിജയസാധ്യത കൂടുതലാണ് എന്നാണത്രെ പലരും വിശ്വസിക്കുന്നത്.

ദിവസംതോറും ചെറുതല്ലാത്ത പരസ്യങ്ങൾ നൽകുന്നു എന്നതിനാൽ മാധ്യമങ്ങളും ഈ തട്ടിപ്പിനുനേരെ കണ്ണടക്കുകയാണ്. അപൂർവ്വം ചില പത്രങ്ങൾ മാത്രമേ ഇതിനെപ്പറ്റി പരാമർശിക്കാൻ തയ്യാറായിട്ടുള്ളൂ. ഓൺലൈൻ ലോട്ടറിയെ സംശയദൃഷ്ട്യാ വീക്ഷിക്കാൻ തുടക്കത്തിൽ തയ്യാറായ പല പത്രങ്ങളും ഇപ്പോൾ പ്ലേവിൻ ലോട്ടറിയെ അനുകൂലിക്കുന്നതായാണ് കാണുന്നത്.

അതിനിടെ, കടുവയെ കിടുവ പിടിക്കുന്ന എന്നതുപോലെ പ്ലേവിൻ മുതലെടുക്കുന്നവരുമുണ്ട്. ലോട്ടറിയുടെ ടെർമിനലുകളില്ലാത്ത പ്രദേശങ്ങളിൽ ഏജന്റുമാരായി പ്രത്യക്ഷപ്പെടുന്നവരാണ് അവർ. കിലോമീറ്ററുകൾ താണ്ടി സെന്ററുകളിൽ എത്താനാവത്തവർക്കുവേണ്ടി ഇവർ സെന്ററിലെത്തി നമ്പർ സെററ് ചെയ്തു നൽകും. ഓരോ ഉപഭോക്താവിൽ നിന്നും 15 രൂപ ഈടാക്കുകയും ചെയ്യുന്നു.

അങ്ങനെ കളിമുറുകുക തന്നെയാണ്. ചൂതാട്ടത്തെ അനുസ്മരിപ്പിക്കുന്ന ഈ ഭാഗ്യക്കളി അരങ്ങു തകർക്കുമ്പോൾ പതിവുപോലെ ചതിക്കപ്പെടുന്നത് ഒരു വിഭാഗം മാത്രം - സ്വന്തംനമ്പർ സ്വയം തെരഞ്ഞെടുത്ത് പരാജയപ്പെടുന്ന സാധാരണക്കാർ.